# 'നീര'യെ ഇനിയും വൈകിപ്പിക്കരുത്

കേരളം എന്ന പേരിൽത്തന്നെയുണ്ട് നമ്മുടെ നാടും കേരവൃക്ഷവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തിന്റെ കഥ എന്ന് മാതൃഭാഷ പഠിക്കുന്നതിനൊപ്പം പഠിച്ചുവളർന്നവരാണ് നമ്മൾ മലയാളികൾ. കേരളമെന്ന പേരുകേട്ടാൽ നമ്മുടെ ഞരമ്പുകളിൽ ചോരതിളയ്ക്കണമെന്ന് മഹാകവി വള്ളത്തോൾ പാടിയോർമിപ്പിച്ചത് ഈ നാടിന്റെ സംരക്ഷകരാകാൻ ബാധ്യസ്ഥരാണ് നാം എന്ന അറിവ് എന്നും മനസ്സിൽ കെടാതെ നിലനിർത്താൻവേണ്ടിയാണ്. എന്നാൽ, ഇന്നുനാം ഏറ്റവും മറക്കുന്ന, ഏറ്റവും പ്രധാനപ്പെട്ട രണ്ട് ജീവൽവിഷയങ്ങൾ, ഒന്ന് മാതൃഭാഷയായ മലയാളവും മറ്റൊന്ന് കേരളത്തിന്റെ സംസ്ഥാനവൃക്ഷമായറിയപ്പെടുന്ന തെങ്ങുമാണ്. എന്തും നൽകുന്ന വൃക്ഷം എന്ന അർഥത്തിൽ തെങ്ങിനെ കല്പവൃക്ഷം എന്ന് പാഠപുസ്തകങ്ങളിൽ എഴുതിവെച്ചിട്ടെന്താണുകാര്യം? മാതൃഭാഷയെന്നപോലെ തെങ്ങും ഇന്ന് അവഗണനയുടെ മുനമ്പിലാണ്. തേങ്ങവലിക്കാൻ ആളെക്കിട്ടാത്തതുമുതൽ കയറിന്റെ ദുരവസ്ഥവരെ ഇന്ന് നാടിന്റെ വിഷയങ്ങളാണ്. തെങ്ങിനെ വെട്ടിനിരത്താൻ തെങ്ങുകർഷകരെത്തന്നെ നിർബന്ധിതരാക്കുന്നമട്ടിലാണ് ചോരതിളയ്ക്കാത്ത ഞരമ്പുകളുള്ള മലയാളിസമൂഹം ഇന്നു പെരുമാറിക്കൊണ്ടിരിക്കുന്നത്. തെങ്ങിനെ രക്ഷിക്കാനുള്ള അവസാനത്തെ പ്രതീക്ഷകളിലൊന്നായിരുന്ന 'നീര' ഇനിയും കേരളത്തിന്റെ ലഘുപാനീയമാക്കിമാറ്റാത്തതിന്റെ കഴിവുകേടിന് സത്യത്തിൽ മാപ്പില്ലെന്നുവേണം പറയാൻ. 'നീര ലൈസൻസ് വിതരണം തർക്കത്തിൽക്കുടുങ്ങി സ്തംഭിച്ചു' എന്ന മാതൃഭൂമിവാർത്ത ഓർമിപ്പിക്കുന്നത് വിജയകരമായി ഒരു സംവിധാനം നടത്തിക്കൊണ്ടുപോകാനുള്ള നമ്മുടെ കഴിവുകേടുകളല്ലാതെ മറ്റൊന്നുമല്ല.

എക്സൈസ്, കൃഷി മന്ത്രിമാരുടെ തർക്കത്തിൽക്കുടുങ്ങിയാണ് നീര ഉത്പാദനത്തിനുള്ള ലൈസൻസ് പുതുതായി നൽകുന്നത് നിർത്തിവെച്ചിട്ടുള്ളത്. നിലവിൽ ലൈസൻസ് ലഭിച്ച 173 സമിതികൾക്ക് നീര ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് തടസ്സമുണ്ടാകില്ലെങ്കിലും പുതിയ സംരംഭകർ രംഗത്തുവരുന്നത് ഇപ്പോൾ നിലച്ചിരിക്കുകയാണ്. ഈ സാഹചര്യം ഒഴിവാക്കപ്പെടേണ്ടതാണ്. ലൈസൻസ് നൽകാനുള്ള അധികാരം സംബന്ധിച്ച ഇരുമന്ത്രിമാരുടെയും തർക്കംമൂലം കഴിഞ്ഞ മന്ത്രിസഭായോഗത്തിൽ മുഖ്യമന്ത്രി ഇടപെട്ടാണ് വിതരണം മരവിപ്പിച്ചത്. നീര ഉത്പാദനത്തിലൂടെ തെങ്ങിന്റെ പുനരുജ്ജീവനത്തിൽ പ്രതീക്ഷവെച്ച തെങ്ങുകർഷകർക്ക് ഇരുട്ടടിയായിരിക്കുകയാണ് ഈ തീരുമാനമെന്ന് പറയാതെവയ്യ. മന്ത്രിമാർ തമ്മിലുള്ള തർക്കത്തിൽ ഒരുനാടിന്റെ സ്വപ്നം വഴിമുട്ടുകയെന്നത് ഒരിക്കലും നടക്കാൻപാടില്ലാത്തതാണ്.

കള്ളുചെത്തി നീര ഉത്പാദിപ്പിക്കുന്നതിന് നിലവിൽ ലൈസൻസ് നൽകുന്നത് എക്സൈസ് വകുപ്പാണ്. നാളികേരവികസന ബോർഡാണ് നീര ഉത്പാദനത്തിനാവശ്യമായ സാങ്കേതികവിദ്യയും മറ്റും നൽകുന്നത്. നീര ഒരു ലഘുപാനീയം മാത്രമാണ്. അത് മദ്യമല്ല. കേരളമിന്നു കുടിച്ചുകൊണ്ടിരിക്കുന്നത് കേരളത്തെ കൊള്ളയടിച്ചുകൊണ്ടിരിക്കുന്ന കൊക്കകോളപോലുള്ള, എന്തെന്ന് നമുക്കുപോലുമറിയാത്ത രാസവസ്തുക്കൾചേർന്ന, ഒരിക്കലും 'ലഘു' എന്നു വിളിക്കാനാവാത്ത വിഷപാനീയങ്ങളാണ്. അത് ശരീരത്തിനും ആരോഗ്യത്തിനും എത്രമാത്രം ഹാനികരമാണെന്നും അതിന്റെ ഉത്പാദനം നമ്മുടെ ഭൂഗർഭജലം ഊറ്റിയെടുത്താണെന്നുമൊക്കെയുള്ള ബോധമൊന്നും കുടിക്കുന്നവേളയിൽ ചെലവാകുന്നില്ലെന്നതാണ് യാഥാർഥ്യം. വൻകിടതാരങ്ങൾ വേഷമിട്ട കോടികളുടെ പരസ്യത്തിൽ മയങ്ങി വിഷംകുടിച്ച് മരണത്തിലേക്ക് നൃത്തംവെച്ചു കടന്നുപോകുന്ന ജനതയാണ് ഇവിടെ നിർമിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇതിനുപകരം പ്രകൃതിദത്തമായ നീര എന്ന ലഘുപാനീയം കേരളത്തിന്റെ മനസ്സിനെ കുളിർപ്പിക്കാനും ദാഹത്തെ ശമിപ്പിക്കാനുമുള്ള ഒരു സാധ്യതയായി മാറ്റേണ്ടിടത്താണ് നീരയെ നാം തർക്കങ്ങളിൽ കുടുക്കിനിർത്തിയിരിക്കുന്നത്. വൻകിട കുത്തകക്കമ്പനികൾക്കുമാത്രമാണ് ഈ തർക്കത്തിൽ ലാഭം. എക്സൈസ്, കൃഷി മന്ത്രിമാരുടെ തർക്കംതീർക്കാൻ മുഖ്യമന്ത്രി ഇതൊരു അടിയന്തരവിഷയമായെടുത്ത്, മുൻകൈയെടുക്കേണ്ടതാണ്. ഇനിയൊരു മന്ത്രിസഭായോഗത്തിനേ പുതിയ വിലയിരുത്തലുകൾക്കുശേഷം പുതിയ അപേക്ഷകർക്ക് ലൈസൻസ് നൽകാനുള്ള തീരുമാനമെടുക്കാൻ കഴിയൂ. അതിനിയും വൈകരുത്. നീര ഇത്രയും വൈകിയത് തന്നെ കേരളത്തിന്റെയും കേരകർഷകരുടെയും തെങ്ങിന്റെയും നഷ്ടമാണ്. തെങ്ങെന്നുകേൾക്കുമ്പോഴും നമ്മുടെ ഞരമ്പുകളിൽ ചോരതിളച്ചേ പറ്റൂ.